# സ്നേഹമുള്ള ധർമ്മോപകാരം

യേശുക്രിസ്തുവിലേക്കു പരിവർത്തനം ചെയ്തവർക്കു ധർമ്മോപകാരവും മറ്റുള്ളവരെക്കുറിച്ചുള്ള കരുതലും തികച്ചും പുതിയതായിരുന്നു. എബ്രായ വർഗ്ഗക്കാരിൽ തന്നെ ഒതുങ്ങുന്നതായിരുന്നു യെഹൂദന്മാരെ പഠിപ്പിച്ചിരുന്നത്, എന്നാൽ അവർക്ക് ജാതികളോടുള്ള മനോഭാവം അവരുടെ ഇംഗിതത്തിനായി വിട്ടു. മുറിവേല്ക്കപ്പെട്ട യെഹൂദന്നു ശമര്യക്കാരൻ ചെയ്യുന്ന ധർമ്മോപകാര പ്രവൃത്തികൾ മറ്റുള്ളവരെക്കുറിച്ചുള്ള അവരുടെ ചിന്തയെ പ്രകാശിപ്പിക്കുന്നതായിരുന്നു (ലൂക്കൊസ് 10:25–37).

മനുഷ്യജീവിതത്തിനു വളരെക്കുറിച്ചു ശ്രദ്ധയേ ജാതികൾ കൊടുത്തിരുന്നുള്ളു, അന്യദേവന്മാരെ വണങ്ങുന്നവർ മനുഷ്യജീവിതത്തെ ബഹുമാനിക്കുന്നതിനേക്കാൾ വിഗ്രഹങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം കൊടുത്തത്. ജാതികളുടെ വിവിധ സംസ്ക്കാരമനുസരിച്ചു അവരുടെ മക്കളെ വിഗ്രഹങ്ങൾക്കു യാഗമർപ്പിക്കുകയും മൃഗങ്ങൾക്കു ദേവത്വം കല്പിക്കുകയും, ആകാശ സൈന്യങ്ങളെ ആരാധിക്കുകയും, നദികൾക്കും പർവ്വതങ്ങൾക്കും മഹത്വം കൊടുക്കുകയും ചെയ്തു. ഇത്തരം തെറ്റായ ആരാധനാ രീതികൾ കാരണം സത്യ ദൈവത്തിന്റെ സാദൃശത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരെ അവർ തരംതാഴ്ത്തിയതായി കണ്ടു.

ക്രിസ്ത്യാനിക്കു ഒരു വ്യാപാരമുദ്ര നല്കുന്ന പുതിയ നിയമം കൊടുത്തു യെഹൂദന്മാർക്കു ഒരു ശ്രേഷ്ഠ മനോഭാവം വളർത്തിയെടുക്കാൻ യേശു യെഹൂദന്മാർക്കു ഒരു വെല്ലുവിളി കൊടുത്തു: “അന്യോന്യം സ്നേഹിക്കുക” (യോഹന്നാൻ 13:34, 35). ആദ്യം സർവ്വശക്തനെ സ്നേഹിച്ചശേഷം, രണ്ടാമതേ അയൽക്കാരനെ സ്നേഹിക്കാവൂ എന്ന് അവൻ അവർക്കു കല്പന കൊടുത്തു (മത്തായി 22:37–39). അവരുടെ ശത്രുക്കളെ സ്നേഹിക്കുവാനും യേശു അവർക്കു വെല്ലുവിളി കൊടുത്തു (മത്തായി 5:43–48).

സഭ ക്രിസ്തുവിന്റെ ആത്മിയ ശരീരം ആകകൊണ്ട്, തലയുടെ നേതൃത്വത്തെയാണ് പിൻപറ്റേണ്ടിയിരുന്നത് (കൊലൊസ്യർ 1:18); അതുകൊണ്ട്, പ്രവൃത്തികളിൽ തുടങ്ങിയ ആത്മിയ സമ്പദ്വ്യവസ്ഥ കൾ കർത്താവിന്റെ ഉപദേശപരമായ സഹോദരപ്രീതി പാലിക്കുവാൻ പ്രതീക്ഷിച്ചിരുന്നു. ഈ സാഹോദര്യ സ്നേഹം അവർക്കു ധർമ്മോപകാരം ഒഴിച്ചു നിർത്താൻ കഴിഞ്ഞില്ല.

## ആദ്യ സംഭവം: ആവശ്യമുള്ള ഒരു സഭ

പ്രവൃത്തികൾ 2:41 ഉം 4:4 ഉം അനുസരിച്ചു, 2:9–11 വരെ പറഞ്ഞ പതിനഞ്ചു ദേശക്കാരിൽ നിന്നു ക്രിസ്ത്യാനികളായവരായ ആയിരക്കണക്കിനു ആളുകൾ അപ്പൊസ്തലന്മാരോടും 1:15–ൽ പറഞ്ഞ 120 പേരോടും ചേർക്കപ്പെട്ടു. ഈ സന്ദർശകർ അവർ വിചാരിച്ചതിലും അധികം നാൾ യെരുശലേമിൽ തങ്ങേണ്ടതായിരുന്നു, അതിനാൽ അവർക്കു ആഹാരവും കരുതലും ആവശ്യമായിത്തീർന്നു. തങ്ങൾ ഉദ്ദേശിച്ച - സമയത്തേക്കാൾ - കൂടുതൽ യെരുശലേമിൽ അവർക്കു തങ്ങേണ്ടിവന്നതു കൂടാതെ, ചില പുതിയ പരിവർത്തകർക്കു ക്രിസ്ത്യാനികൾ ആയതുകൊണ്ട് അവരുടെ സ്വന്ത കുടുംബത്തിൽ നിന്നും സമുദായ ഭ്രഷ്ട് അനുഭവിക്കേണ്ടിയും വന്നു എന്നതു വാസ്തവമായിരുന്നു. പലരും അവരുടെ വസ്തുവകകൾ വിറ്റു "അപ്പൊസ്തലന്മാരുടെ കാൽക്കൽ" കൊണ്ടു വന്നു (പ്രവൃത്തികൾ 4:35). "അപ്പൊസ്തലന്മാരുടെ കാൽക്കൽ" എന്നതു കൂട്ടായ സാമ്പത്തിക ശേഖരണത്തെ ലൂക്കൊസ് വിവരിച്ചതാണ്. ഇന്ന് അത് ഒരുപക്ഷെ നാം സഭാഖജനാവെന്നോ ബാങ്ക് എക്കൗണ്ട് എന്നോ പറയുന്നതു പോലെയാണ്. ഓരോരുത്തരുടേയും ആവശ്യം അനുസരി ച്ചാണ് വിതരണം ചെയ്തത് (പ്രവൃത്തികൾ 2:44, 45).

ഈ സാഹചര്യത്തെ അഭിമുഖീകരിക്കുവാൻ അവർ ഏറ്റവും നല്ല കരുതൽ ആയിരുന്നു എടുത്തത്. ചിലർ അവകാശപ്പെടുന്നതു യെരുശലേമിലെ ക്രിസ്ത്യാനികൾ സകലവും പൊതുവക എന്നെണ്ണിയതിനാൽ വ്യക്തികളോ കുടുംബങ്ങളോ തങ്ങളുടേതായി ഒന്നും സ്വന്തമെന്നു കരുതാതിരുന്ന ഒരു സമൂഹമായിരുന്നു കെട്ടപ്പെട്ടതു എന്നു അവകാശപ്പെട്ടിട്ടുണ്ട്. ഈ അവകാശം വിവരിക്കുന്നതു ഒരു കമ്മ്യൂണിസ്റ്റ് സമൂഹമാണ്. അത്തരം ഏർപ്പാട് അനുസരിച്ചു, സഭയായിരുന്നു സകല സ്വത്തുക്കളുടേയും അവകാശി, സകല ചെലവും കൂട്ടായിട്ടാണ് നടത്തിയിരുന്നത്.

എങ്ങനെയായാലും, ഈ വിവരണം ലൂക്കൊസ് നല്കിയതുമായി യോജിക്കുന്നില്ല. എന്നാൽ ഈ ക്രിസ്ത്യാനികൾ "സകലവും പൊതുവക എന്നെണ്ണിയിരുന്നു" (പ്രവൃത്തികൾ 2:44), "അവരുടെ വസ്തുവകകളും നിലങ്ങളും വില്ക്കുവാൻ തുടങ്ങി," "എല്ലാവരുമായി പങ്കിടുകയും ചെയ്തു" (പ്രവൃത്തികൾ 2:45), അവരുടെ വില്ക്കലും പങ്കിടലും നടത്തിയതു ''ആർക്കെല്ലാം ആവശ്യമുണ്ടായിരുന്നോ അതനുസരിച്ചായിരുന്നു" (പ്രവൃത്തികൾ 2:45). ആവശ്യങ്ങൾ നിറവേറ്റി ക്കഴിഞ്ഞപ്പോൾ, പങ്കിടലും നിന്നു പോയി എന്ന കാര്യം പലരും മറക്കുന്നു. ഈ യെരുശലേമിലെ പൗരന്മാർ എല്ലാവരും അവരുടെ വസ്തുവകകൾ എല്ലാം ഉപേക്ഷിച്ചിരുന്നില്ല, പക്ഷെ *ആവശ്യങ്ങൾ നിറവേറുന്നതുവരെ* അവർ ത്യാഗമായി അവ്വണ്ണം ചെയ്തു പോന്നു. വിതരണ വ്യവസ്ഥയും ഇതേ തത്വത്തിലാണ് നടന്നത്: വസ്തുവകകൾ വിറ്റശേഷം "ആവശ്യാനുസരണം" വിതരണം ചെയ്യുവാനായി, അവ "അപ്പൊസ്തലന്മാരുടെ കാൽക്കൽ" കൊണ്ടുവെക്കും (പ്രവൃത്തികൾ 4:35). ആവശ്യങ്ങൾ നിറവേറ്റുകയും അന്യായം പരിഹരിക്കപ്പെടുകയും

ചെയ്തശേഷം, പിന്നെ ക്രിസ്ത്യാനികൾ അവരുടെ വസ്തുവകകൾ വില്ക്കുകയോ സമ്പാദ്യം നല്കുകയോ ചെയ്തില്ല. ആവശ്യങ്ങൾ നിന്നപ്പോൾ, വില്പനയും നിന്നുപോയി.

പ്രവൃത്തികളുടെ പുസ്തകത്തിൽ പിന്നീടും വസ്തുവകകൾ ഉണ്ടായിരുന്നവരെപ്പറ്റി പറയുന്നുണ്ട്. ആദ്യം അനന്യാസും സഫീരയും അവരുടെ വസ്തുക്കൾ വിട്ടിരുന്നില്ല, അവർ അതിനു കുറെ കാത്തിരുന്നു (പ്രവൃത്തികൾ 5:4). കൂടാതെ, അവരുടെ വസ്തു വകകൾ വെച്ചു കൊണ്ടു തന്നെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുമായിരുന്നു എന്നു പത്രൊസ് പറയുകയുണ്ടായി (പ്രവൃത്തികൾ 5:4). തോൽ കൊല്ലനായ, മറ്റൊരാളായ ശിമോനു, യോപ്പയിൽ വീടുണ്ടായിരുന്നു (പ്രവൃത്തികൾ 9:43; 10:6), അവിടെ താമസിക്കുവാൻ പത്രൊസിനെ അവൻ ക്ഷണിക്കയുണ്ടായി. യോഹന്നാന്റെ അമ്മ, മറിയ, അവരുടെ വീട് വിറ്റിരുന്നില്ല; പത്രൊസ് തടവിലായിരുന്നപ്പോൾ സത്രീകളുടെ പ്രത്യേക പ്രാർത്ഥനയായി അതു ഉപയോഗിച്ചിരുന്നു (പ്രവൃത്തികൾ 12:12). കുറച്ചു വർഷങ്ങൾക്കു ശേഷം യാസോന്നു യെരുശലേമിൽ വീടുണ്ടായിരുന്ന, മൂന്നാം മിഷണറിയാത്രയ്ക്കു ശേഷം മടങ്ങി വന്ന സംഘത്തെ അവൻ ആതിഥേയത്വം വഹിക്കുന്നുണ്ട് (പ്രവൃത്തികൾ 21:16).

അതുകൊണ്ട്, എല്ലാ ക്രിസ്ത്യാനികളും തങ്ങൾക്കുള്ളത് കമ്മ്യൂണിസ്റ്റ് അർത്ഥത്തിൽ പൊതുവാക്കിയിരുന്നില്ല. അവരോട് എല്ലാവരോടും അവർക്കുള്ളതെല്ലാം വിറ്റു പ്രാദേശിക സഭയിലേക്കു കൊണ്ടു വരുവാനും പൊതുവായ ഖജനാവിൽ നിന്നു എല്ലാവരും ഉപജീവനം നടത്തണമെന്നും പറഞ്ഞിരുന്നില്ല. പ്രവൃത്തികൾ 2-ാം അദ്ധ്യായത്തിലെ ആവശ്യങ്ങൾ കുറേ നാളത്തേക്കു തുടർന്നു, മാസങ്ങളോളം; അതുപോലെ തന്നെയാണ് പ്രവൃത്തികൾ 4 ലെ ആവ ശ്യങ്ങളും. ആവശ്യങ്ങൾ വന്നതോടെയാണ്, പുതിയ ക്രിസ്ത്യാനികൾ തങ്ങൾക്കുണ്ടായിരുന്ന വസ്തുവകകൾ വിൽക്കുവാൻ തയ്യാറായത്.

ധർമ്മോപകാരം ക്രിസ്ത്യാനികൾ ആവശ്യമുള്ള സഹോദരങ്ങളോ ടുള്ള കരുതലും സ്നേഹവും നിമിത്തം സ്വമനസ്സാലെ സ്വാഭാവികമായി ചെയ്തതാണ്. പുതിയ സഹോദര പ്രീതിയും കൂട്ടായ്മയും നിമിത്തം നല്കിയ ദാനമായിരുന്നു ആ ഔദാര്യം, അത് ക്രിസ്തുവിൽ പൊതു വായ താല്പര്യ പ്രകാരം ചെയ്തതാണ് ഈ അസാധാരണ പ്രവൃത്തി.

ഈ അസാധാരണ ധർമ്മോപകാരം ഒരു യെഹൂദ പട്ടണത്തിൽ പ്രാധാന്യമുള്ളതായിരുന്നു എന്നു ലൂക്കൊസ് "എല്ലാവർക്കും ധാരാളം കൃപ ലഭിച്ചിരുന്നു വിവരിക്കുന്നു" (പ്രവൃത്തികൾ 4:33). ചുറ്റുമുള്ള ആളുകളെ ഈ പ്രവൃത്തികൾ അത്ഭുതപ്പെടുത്തി. അനന്യാസും സഫീരയും അവരുടെ ദാനം കൊടുക്കലിൽ വ്യാജം പറഞ്ഞപ്പോൾ മരണ ശിക്ഷ കർത്താവ് (കർത്താവു, പത്രൊസ് അല്ല, ശിക്ഷ കല്പി ച്ചത്) നടപ്പാക്കിയപ്പോൾ സർവ്വ സഭയ്ക്കും മാത്രമല്ല ഭയമുണ്ടായത്, "കേട്ട എല്ലാവർക്കും മഹാഭയം ഉണ്ടായി'' (പ്രവൃത്തികൾ 5:11). ഈ ധർമ്മോപകരാത്തിന്മേലുണ്ടായ ശിക്ഷ നിമിത്തം അപ്പൊസ്തലന്മാരുടെ പരസ്യ പ്രസംഗങ്ങൾ കേൾക്കുവാൻ പോലും പലരും ഭയപ്പെട്ടു (പ്രവൃത്തികൾ 5:13); എന്നാൽ 5:14 പറയുന്നു, "മേല്ക്കുമേൽ അനവധി

പു രുഷന്മാരും സ്ത്രീകളും, കർത്താവിൽ വിശ്വസിച്ചും, ചേർന്നു വന്നു." പഴയ യെഹൂദമനസ്സുകൾക്കു ഇതു പുതിയ അനഭവമായിരുന്നു.

### രണ്ടാമത്തെ സംഭവം: ആവശ്യമുള്ള വിധവകൾ

വിധവകൾ തുടർന്നും ആവശ്യമുള്ളവരായിരുന്നു, ചിലരെ കാര്യമായി പരിഗണിക്കാതിരുന്നതായി ആ പ്രത്യേക സേവനത്തിനായി ഏഴു പുരുഷന്മാരെ (അപ്പൊസ്തലന്മാരെയല്ല) നിയമിക്കയുണ്ടായി (പ്രവൃത്തികൾ 6:1–6). ഈ സംഭവവും യേരുശലേമിലെ പൗരന്മാർക്കിടയിൽ നടന്ന ഒറ്റപ്പെട്ട സംഭവമായിരുന്നു. വിധവമാരെ കരുതാൻ തുടങ്ങിയ ഈ സംഭവശേഷം ലൂക്കൊസ് ഉടനെ പറഞ്ഞതു, ശിഷ്യന്മാരുടെ എണ്ണം വർദ്ധിച്ചു എന്നാൽ, യെഹൂദ പുരോഹിതന്മാരിൽ പോലും ചിലർ വിശ്വാസത്തിനധീനരായി (പ്രവൃത്തികൾ 6:7).

ഈ സംഭവം അദ്ധ്യായം 2-ൽ പെന്തെക്കൊസ്തു അനുഭവങ്ങൾക്കു രണ്ടു മൂന്നു വർഷങ്ങൾക്കു ശേഷം നടന്നാതാണെന്നു മിക്ക പണ്ഡിതന്മാരും കരുതുന്നു. ഈ കാര്യത്തിൽ അപ്പൊസ്തലന്മാർ മതി യായ ദീർഘവീക്ഷണം നടത്തിയില്ല, എന്നാൽ മറ്റു ദൈവഭക്തന്മാരെ ഇതിനായി എടുത്തതു പല മുഖ്യ തത്വങ്ങളും ഉയർത്തുന്നു.

ഒന്നാമത്, ദൈവ വചനം ഉപദേശിക്കുക എന്നതാണ് ഉയർന്ന പ്രാധാന്യം ഉള്ളത്. രണ്ടാമത്, മേശയിൽ ശുശ്രൂഷ ചെയ്യുക എന്നതു പ്രാധാന്യമുള്ളതാണെങ്കിലും, സുവിശേഷം പ്രസംഗിക്കുന്നതിനേക്കാൾ പ്രാധാന്യം കുറഞ്ഞതാണ്. മൂന്നാമത്, യോഗ്യതയുള്ള ദൈവഭക്തരായ സ്ത്രീ പുരുഷന്മാർക്ക്, ഇടവക വേർതിരിച്ചു നല്കാവുന്ന പല ജോലികൾ ഉണ്ട്. നാലാമത്, ഓരോ ഇടവകയിലും ഇത്തരം ജോലി ചെയ്യുവാൻ യോഗ്യരായ സ്ത്രീ പുരുഷന്മാർ ഉണ്ടാകും. അഞ്ചാമത്, സഭയിലെ അംഗങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്ന എപ്പോഴും മുഖ്യവും അതു സമൂഹത്തെ സ്വാധീനിക്കുന്നതുമാകുന്നു. ആറാമത്, കർത്താവിന്റെ ചെയ്യുവാൻ ആഗ്രഹിക്കുന്ന പിൻ വരുന്ന എല്ലാ ഇടവകകൾക്കും അനുകരിക്കാവുന്ന നല്ല മാതൃകയാണത്.

### മൂന്നാമത്തെ സംഭവം: ആവശ്യമുള്ള സഭകൾ

ലോകത്തിൽ ഒക്കെ ക്ഷാമം ഉണ്ടാകും എന്നു അഗബൊസ് എന്ന പ്രവാചകൻ പ്രവചിച്ചു (പ്രവൃത്തികൾ 11:28), ക്ലൗദ്യൊസ് കൈസരുടെ കാലത്ത് ഇതു സംഭവിച്ചതായി ലൂക്കൊസ് രേഖപ്പെടുത്തി. ക്ലൗദ്യൊസ് കൈസരുടെ കാലത്ത് നാലു ക്ഷാമം നേരിട്ടു; അവയിൽ മൂന്നും റോമും ഗ്രീസും, പാലസ്തീൻ എന്നീ പ്രദേശങ്ങളെ ബാധിച്ചു. ഏ.ഡി. 45 ലാണ് ഒന്ന് സംഭവിച്ചത്, ഈ മൂന്നാമത്തെ സംഭവം സഭ ആരംഭിച്ചു ഒരു ഡസൻ വർഷങ്ങൾക്കു ശേഷമാണ് സംഭവിച്ചത്.

യെരുശലേമിൽ ഈ സമയത്തുണ്ടായ ആവശ്യത്തോടു അന്ത്യോക്യയിലെ സഹോദരന്മാർ പെട്ടെന്ന് പ്രതികരിച്ചു (പ്രവൃത്തി കൾ 11:30). ഇടവകയിലെ വേണ്ടത്ര അംഗങ്ങൾ ഈ സഹായം ചെയ്യുവാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിനെ ലൂക്കൊസ് ഉപയോഗിച്ചിരിക്കുന്ന പദ പ്രയോഗം ''ഓരോരുത്തൻ'' എന്നാണ്. ഓരോ അംഗവും

പ്രാപ്തിപോലെ, ഇടവകയുടെ ബഹുമാനം ദൈവം സംഘടിപ്പിച്ച രീതിയിൽ പണം മൂപ്പന്മാർക്ക് അയച്ചുകൊടുക്കാൻ തീരുമാനിച്ചു. അതു "അപ്പൊസ്തലന്മാരുടെ കാല്ക്കൽ വെച്ചു" എന്ന് ഒരാൾ പറഞ്ഞേക്കാം അതെങ്ങനെ വിവരിച്ചു എന്നു നോക്കണം. പണം യെരുശലേമിലെ സഹോദരന്മാർക്കു, അന്ത്യോക്ക്യയിലെ സഹോദരന്മാർ ക്ക് എത്തിച്ചു കൊടുത്തു, എന്നാൽ വിതരണം മൂപ്പന്മാരുടെ കൈക ളാൽ നടന്നു എന്ന അന്തർലീനം. വലിയ രണ്ട് ഉപദേഷ്ടാക്കന്മാരായ, പൗലൊസും ബർന്നബാസും, അവരുടെ ഉപദേശം പ്രവൃത്തികൾ തല്ക്കാലത്തേക്കു നിർത്തി ഈ ദാനങ്ങൾ ഏല്പിക്കുന്നതിനായി പോയി (പ്രവൃത്തികൾ 11:30).

യെഹൂദ ക്രിസ്ത്യാനികൾ യെഹൂദന്മാരോടല്ലാതെ മറ്റാരോടെങ്കിലും സുവിശേഷം പ്രസംഗിക്കുവാൻ മടിച്ചിരുന്നു (പ്രവൃത്തികൾ 11:19), ചിലർ സുറിയയിലെ അന്ത്യൊക്യയിൽ പോയി പ്രസംഗിക്കുവാൻ തുടങ്ങിയെങ്കിലും (പ്രവൃത്തികൾ 11:20), അതു വലിയ വിജയമായി ത്തീർന്നു. യെരുശലേമിലെ സഹോദരന്മാർ പുതിയ സഹോദരങ്ങളെ സഹായിക്കുവാൻ ബർന്നബാസിനെ അയക്കുകയും, ഈ പ്രവൃത്തി യിൽ സഹായിക്കുന്നതിനു ബർന്നബാസ്, പൗലൊസിനെ തിരഞ്ഞെ ടുത്തു (പ്രവൃത്തികൾ 11:21–26). ഒരു വർഷത്തിലധികം പൗലൊസും ബർന്നബാസും അന്ത്യൊക്യയിൽ പ്രവർത്തിച്ചു, യെഹൂദന്മാരും ജാതികളും ഇടകലർന്ന ആദ്യത്തെ കർത്താവിന്റെ സഭയിലെ ആദ്യത്തെ ഇടവകയിൽ വെച്ചാണ് ആദ്യമായി "ക്രിസ്ത്യാനികൾ" എന്ന പേർ ഉപയോഗിച്ചത്. സുവിശേഷം സാർവ്വ ലൗകികമായി പരിശീലിച്ചു ഇടവകകൾ തിരിച്ചറിയുന്നതുവരെ "ക്രിസ്ത്യാനി" എന്ന പദപ്രയോഗം സൂക്ഷിച്ചു വെച്ചിരിക്കാം.

പിന്നീട് യെഹൂദ്യയിലെ ഒരു ആവശ്യം നിറവേറ്റുവാൻ സഹായിക്കുന്നതിനു പൗലൊസ് റോമയിലെ സഹോദരന്മാരോട് അപേക്ഷിക്കുന്നുണ്ട് (റോമർ 15:26, 27). യെരുശലേമിലെ യെഹൂദ സഹോദരന്മാർ റോമയിലെ ജാതികളായിരുന്ന സഹോദരന്മാരുടെ ആവശ്യങ്ങൾ നിറവേറ്റിയതുകൊണ്ട്, പൗലൊസ് അർത്ഥമാക്കിയത് ഈ ജാതികളിൽ പെട്ട സഹോദരന്മാർ യെഹൂദ്യയിലെ യെഹൂദ സഹോദരന്മാരുടെ ഭൗതിക ആവശ്യങ്ങൾ നിറവേറ്റുക എന്നതു അവരുടെ അവകാശമാണെന്നത്രെ കൂടാതെ ധർമ്മോപകാരം വളരെ വലിയ ആത്മിയ ഫലം പുറപ്പെടുവിക്കാൻ കഴിയും!

**നാലാമത്തെ സംഭവം: വീണ്ടും ആവശ്യമുള്ള സഭകൾ**

പൗലൊസ് മൂന്നാം മിഷണറി യാത്ര അവസാനിപ്പിച്ചു യെരുശലേമി ലേക്കു മടങ്ങിവന്നു. പൗലൊസ് യെരുശലേം ദൈവാലയത്തിൽ നേർച്ചയുള്ള നാലു പുരുഷന്മാരുടെ നേർച്ചക്കു (ചെലവു ചെയ്യുവാൻ) മൂപ്പന്മാർ പറഞ്ഞപ്പോൾ എതിർക്കാതെ പോയ സമയത്ത് എഫേസ്യനാ യിരുന്ന ത്രൊഫിമൊസിനെ, പൗലൊസാണ് ദൈവാലയത്തിൽ കൊണ്ടു വന്നതെന്നു തെറ്റിദ്ധരിച്ചു (പ്രവൃത്തികൾ 21:17–29). അവനെ പിടിച്ചു തടവിലാക്കി, പിന്നെ അവനെ കൈസര്യയിലേക്ക് അയച്ചു. അവിടെ

അവൻ ഫേലിക്സ് എന്ന ദേശാധിപതിയുടെ മുമ്പിലെത്തി (പ്രവൃത്തികൾ 23:24), അനന്യാസ്, എന്ന മഹാപുരോഹിതന്റേയും മുമ്പിലെത്തി (പ്രവൃത്തികൾ 24:1). പ്രകോപിതയായ യെഹൂദന്മാർ പൗലൊസിൽ കുറ്റം ചുമത്തുവാൻ, തെർത്തുല്ലൊസ്, എന്ന വ്യവഹാര ജ്ഞനുമായിരുന്നു പൗലൊസിനെ കലഹമുണ്ടാക്കുന്ന കുഴപ്പക്കാരൻ എന്നു കുറ്റം ആരോപിച്ചു (പ്രവൃത്തികൾ 24:2, 5).

റോമിനെതിരായി മത്സരിച്ചു കലഹം ഉണ്ടാക്കി എന്ന ആരോപണ ത്തിനു പൗലൊസ് മറുപടി പറഞ്ഞതു അവൻ പന്ത്രണ്ടു ദിവസമേ ആയുള്ളു യെരുശലേമിലേക്കു മടങ്ങിവന്നിട്ട്, അതു തന്റെ ദേശ ക്കാർക്കു വേണ്ടി ധർമ്മവും വഴിപാടും കൊണ്ടു വരുന്നതിനായിരുന്നു (പ്രവൃത്തികൾ 24:11, 17). താൻ മത്സരത്തെ നയിക്കുകയായിരുന്നില്ല, പിന്നെയോ തന്റെ ദേശക്കാരുടെ ആവശ്യം നിറവേറ്റുവാൻ താൻ സഹാ യിക്കുകയായിരുന്നു - അതിനു പുറമെ, യെരുശലേമിലെ അഞ്ചു ദിവ സം ഒരു കലഹം ഉണ്ടാക്കി ആളുകളെ ഇളക്കുവാൻ മതിയാകയുമില്ല.[1]

യെരുശലേമിലേക്കു കൊണ്ടുവന്ന ധർമ്മത്തെയും വഴിപാടിനെ യും പറ്റി പറഞ്ഞുകൊണ്ട്, പല വർഷങ്ങളായി ശേഖരിച്ച ധർമ്മശേഖരം അവിടെത്തന്നെയുള്ളതായി പൗലൊസ് സൂചിപ്പിച്ചു. പൗലൊസ് ഈ ധർമ്മശേഖര കാര്യത്തെക്കുറിച്ചു കൊരിന്ത്യർക്ക് ഇതിൽ എങ്ങനെ ഉൾപ്പെടാമെന്ന് പ്രബോധിപ്പിച്ചു, അതു ഗലാത്യസഭകളിൽ നേരത്തെ തന്നെ പ്രബോധിപ്പിച്ചിട്ടുള്ളതായിരുന്നു (1 കൊരിന്ത്യർ 16:1, 2). ഒരു വർഷത്തിനുശേഷം, ഈ ദാനത്തെ സംബന്ധിച്ചു കൊരിന്ത്യരെ വീണ്ടും ഓർപ്പിക്കയുണ്ടായി (2 കൊരിന്ത്യർ 9:1, 2), പൂർണ്ണമായ അവകാശത്തെക്കുറിച്ചു ചോദിച്ചു (2 കൊരിന്ത്യർ 8:10-12; 9:3-5). പണം കൈകാര്യം ചെയ്യുന്നതിനെക്കുറിച്ചു വിമർശനം ഒഴിവാക്കുവാൻ ശ്രമിച്ചു, പൗലൊസ് അവർ കടപ്പെട്ട ഈ ദാന പ്രവൃത്തിയിൽ അവരെ സഹായിക്കുന്നതിനു പൗലൊസ് തിത്തൊസിനെയും വേറൊരു സഹോദരനെയും അയക്കുകയുണ്ടായി (2 കൊരിന്ത്യർ 8:16-24).

മൂന്നാം മിഷണറിയാത്ര കഴിഞ്ഞ് ആസ്യ, അഖായ, മക്കെദൊന്യ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നു മടങ്ങിയപ്പോൾ, പൗലൊസിനോടുകൂടെ ഏഴുപേർ ഉണ്ടായിരുന്നു (പ്രവൃത്തികൾ 20:4, 5). ഈ പുരുഷന്മാർ ചുമന്നുകൊണ്ടു വന്ന ധർമ്മവും വഴിപാടുകളും, മിക്കവാറും സ്വർണ്ണ നാണയങ്ങളും വെള്ളിനാണയങ്ങളും ആയിരിക്കുവാനാണ് കൂടുതൽ സാധ്യത. ഈ ശേഖരം ഏതാണ്ട് രണ്ടു വർഷത്തോളം ആയതുകൊണ്ട്, പൗലൊസിനു തന്നെകൊണ്ടു പോകാവുന്നതിലധികം ഭാരം ഉള്ളവ ആയിരുന്നേക്കാം, അല്ലെങ്കിൽ ഒന്നു രണ്ടു പേരാലും അസാധ്യമായിരു ന്നേക്കാം. ഈ യാത്രയിൽ പൗലൊസിനു എതിരെ ഒരു ഗൂഢാലോചന നടന്നു, ഒരു പക്ഷെ അവൻ ശേഖരിച്ച പണം കവർന്നെടുക്കുകയാവാം ലക്ഷ്യം (പ്രവൃത്തികൾ 20:3). ഇവിടെ പൗലൊസ് അസാധാരണമായി, കരമാർഗ്ഗം ത്രോവാസിൽ നിന്നു അസ്സോസിലേക്കു പോവുകയും തന്റെ കൂട്ടുകാരെ കപ്പലിൽ യാത്ര അയയ്ക്കുകയും ചെയ്തു (പ്രവൃത്തികൾ 20:13, 14). ഈ അടവ് ഉപയോഗിച്ചത് തന്നെ വേട്ടയാടിയിരുന്ന കവർച്ചക്കാരെ തെറ്റിദ്ധരിപ്പിക്കുന്നതിനായിരുന്നു.

പ്രതിജ്ഞയെടുത്ത ദാനങ്ങൾ പൂർത്തിയാക്കുവാൻ അവന്റെ ഉത്തേജനം അടങ്ങിയ, 2 കൊരിന്ത്യ ലേഖനം, പത്രൊസ് മൂന്നാം മിഷണറിയാത്രക്കിടയിൽ എഴുതി. ഈ യാത്രയിൽ തന്നെ അവൻ റോമാ ലേഖനവും എഴുതി, യെരുശലേമിലെ ഇത്തരത്തിൽ ശുശ്രൂഷ ചെ യ്യേണ്ട ആവശ്യകതയും അവൻ പറയുകയുണ്ടായി (റോമർ 15:25, 26). അതുകൊണ്ട്, ഏ.ഡി. 58–59 നോടടുത്ത്, സഭയിൽ മറ്റൊരു ധർമ്മോപ കാര സംഭവം നടന്നതും കാണാം.

**ഉപസംഹാരം**

സ്നേഹത്തോടുകൂടിയ ധർമ്മോപകാരം ആദ്യ സഭയുടെ ഒരു സ്വഭാവം ആയിത്തീർന്നു ഓരോ ഇടവകയും അതിലുള്ള പ്രാദേശിക ആവശ്യങ്ങൾ നിറവേറ്റേണ്ട ഉത്തരവാദിത്വം ഏറ്റെടുത്തു, മറ്റു സ്ഥലങ്ങളിലെ ആവശ്യങ്ങൾ നിറവേറ്റുവാൻ ക്രിസ്ത്യാനികൾ തയ്യാറു മായിരുന്നു. ഒന്നാം നൂറ്റാണ്ടിലെ ആളുകൾ ക്രൂരവും ശക്തവുമായ സ്വഭാവക്കാരായിരുന്നു, എന്നാൽ ക്രിസ്ത്യാനികൾ ഓരോ സാഹചര്യ ത്തിലേയും സഹോദരങ്ങളുടെ ആവശ്യങ്ങളിൽ ഉണർന്നു പ്രവർ ത്തിച്ചു.

ക്രിസ്ത്യാനികൾക്കു നന്മ ചെയ്യുവാനുള്ള പല അവസരങ്ങളും ഉണ്ടായിരുന്നു (ഗലാത്യർ 6:10), എന്നാൽ അപ്പോഴും ഇടവകകൾക്കു പ്രത്യേക ഉത്തരവാദിത്വങ്ങൾ ഉണ്ടായിരുന്നു. ക്രിസ്ത്യാനികൾക്ക് ഇന്നു ഔദാര്യമായും നിരന്തരമായും സഭയുടെ കൂട്ടായ പ്രവർത്തനത്തിനു വ്യക്തിപരമായ വെല്ലുവിളികൾ നിറവേറ്റാം. ധർമ്മോപകാരം സമൂഹ ത്തിൽ നടത്തത്തക്കവണ്ണമാണ് സഭയെ കർത്താവു രൂപപ്പെടുത്തിയി രിക്കുന്നത്, ഓരോ ഇടവകയും മതിയായ രീതിയിൽ ഈ ഉത്തവാദിത്വ ങ്ങൾ നിറവേറ്റുവാൻ ഒരുങ്ങിയിരിക്കണം.

ആദ്യ ക്രിസ്ത്യാനികൾ കർത്താവിന്റെ ഹിതം നിറവേറ്റുകയും അവർക്കു ദൈവത്തോടും അവരുടെ സഹോദരങ്ങളോടും ഉള്ള സ്നേഹത്തിൽ അവർ അറിയപ്പെട്ടിരുന്നു (യോഹന്നാൻ 13:34, 35). ജെ. ഡബ്ലിയു. മെക് ഗാർവെ പറഞ്ഞു, “ഹൃദയപൂർവ്വം നല്കുന്ന ധർമ്മോ പകാരത്തെക്കാൾ ശക്തമായ പ്രസംഗം മറ്റൊന്നില്ല.”[2]

---

കുറിപ്പുകൾ

[1]പന്ത്രണ്ട് ദിവസങ്ങളിൽ രണ്ടു ദിവസവും പൗലൊസ് യാത്രയിലായിരുന്നു (പ്രവൃത്തികൾ 23:31, 32), അഞ്ചു ദിവസം തടവിലും, യെരുശലേമിൽ നിന്നു അനന്യാസ് വരുന്നതിന്നു വേണ്ടി കാത്തിരിക്കയും ചെയ്തു (പ്രവൃത്തികൾ 24:1). പിന്നെ അവശേഷിക്കുന്നത് അഞ്ചു ദിവസമാണ് – ആ അഞ്ചു ദിവസം കൊണ്ട് വിപ്ലവം ഉണ്ടാക്കാൻ സാധ്യമല്ല. [2]ജെ.ഡബ്ലിയു. മെക്ഗാർവേ, *ന്യൂ കമെന്ററി ഓൺ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്* (ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി., എൻ.ഡി.), 230.

© 2009 Truth for Today